# 215/23-M

**ചോദ്യപുസ്തക അക്ഷരകോഡ്**

# A

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1. താഴെ കൊടുത്തിരിക്കുന്നവയിൽ ശ്രീനാരായണഗുരുവിന്റേതല്ലാത്ത കൃതി ഏത് ?
   A) ആദിഭാഷ
   B) ദൈവദശകം
   C) ശിവശതകം
   D) ദർശനമാല

2. കേരളത്തിന്റെ വിജ്ഞാന മേഖലയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന വയിൽ തെറ്റായ പ്രസ്താവന ഏത് ?
   A) മലബാറിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന് നേതൃത്വം നല്കിയത് ബേസൽ ഇവാഞ്ചലിക്കൽ മിഷനാണ്.
   B) റാണി ഗൗരി പാർവ്വതി സൗജന്യവും നിർബന്ധിതവും ആയ വിദ്യാഭ്യാസം തിരുവിതാംകൂറിൽ നടപ്പിലാക്കി.
   C) കൊച്ചിയിലെ ആദ്യ സ്കൂൾ 1818-ൽ സ്വാതിതിരുനാളിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ടു.
   D) സ്പാനിഷ് മിഷനറി ആയിരുന്ന ട്വിങ്കിൾ ടാബ് നാഗർകോവിൽ ഉൾപ്പെടെയുള്ള പ്രദേശത്ത് ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുകയുണ്ടായി.

3. ഇന്ത്യൻ സമുദ്രത്തിന്റെ ആധിപത്യത്തിന് വേണ്ടി കാർട്ടസ് വ്യവസ്ഥ നടപ്പിലാക്കിയ പാശ്ചാത്യരാജ്യം ഏതായിരുന്നു ?
   A) ബ്രിട്ടൺ
   B) ഫ്രാൻസ്
   C) ഹോളണ്ട് (ഡച്ചുകാർ)
   D) പോർച്ചുഗൽ

4. താഴെ കൊടുത്തിരിക്കുന്നവയിൽ ചൈനയിലെ ബോക്സർ കലാപവുമായി ബന്ധപ്പെട്ട വർഷം ഏത് ?
   A) 1905-1906
   B) 1898-1899
   C) 1900-1901
   D) 1886-1887

5. തെക്കേ അമേരിക്കയിലെ ചിലി, പെറു പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വികാസം പ്രാപിച്ച സംസ്കാരം ഏത് ?
   A) മായൻ സംസ്കാരം
   B) ഇൻകാ സംസ്കാരം
   C) ആസ്ടെക് സംസ്കാരം
   D) ടോൾട്ടക് സംസ്കാരം

6. 'കോഴിക്കോടിന്റെ കഥ' എന്ന കൃതിയുടെ കർത്താവ് ആര് ?
   A) MGS നാരായണൻ
   B) S. K. പൊറ്റെക്കാട്
   C) സുകുമാർ അഴീക്കോട്
   D) M. മുകുന്ദൻ

7. ഗാന്ധി സാഗർ ഡാം സ്ഥിതി ചെയ്യുന്ന നദി ഏതെല്ലാം സംസ്ഥാനങ്ങളിലൂടെയാണ് ഒഴുകുന്നത് ?
   A) മധ്യപ്രദേശ്, ഉത്തർപ്രദേശ്, രാജസ്ഥാൻ
   B) മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ
   C) ഗുജറാത്ത്, മധ്യപ്രദേശ്, ഉത്തർപ്രദേശ്
   D) മഹാരാഷ്ട്ര, മധ്യപ്രദേശ്, ബീഹാർ

8. അന്തരീക്ഷത്തിൽ അടങ്ങിയിരിക്കുന്ന വിവിധ വാതകങ്ങളിൽ മൂന്നാം സ്ഥാനത്തും നാലാം സ്ഥാനത്തും വരുന്ന വാതകങ്ങൾ ഏതെല്ലാം ?
   A) $CO_2$, നിയോൺ
   B) നിയോൺ, ഹീലിയം
   C) ഓസോൺ, $CO_2$
   D) ആർഗൺ, $CO_2$

9. ലോകത്തിലെ ഏറ്റവും വലിയ മത്സ്യബന്ധന കേന്ദ്രമായ 'ഗ്രാന്റ് ബാങ്ക്'സിൽ വച്ച് കൂടി കലരുന്ന രണ്ട് പ്രധാന ഉഷ്ണ ശീതജല പ്രവാഹങ്ങൾ ഏതെല്ലാം ?
   A) ഗൾഫ് സ്ട്രീമും ഫ്ലോറിഡ പ്രവാഹവും
   B) ഗൾഫ് സ്ട്രീമും ലാബ്രഡോർ പ്രവാഹവും
   C) ഫോക്ക്ലാന്റ് പ്രവാഹവും, ബ്രസീൽ പ്രവാഹവും
   D) നോർവീജിയൻ പ്രവാഹവും, കാനറി പ്രവാഹവും

10. 'ഹെമിസ്' ദേശീയോദ്യാനത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന പ്രധാന വന്യജീവി ഏത് ?
   A) ഡാൽ ഷീപ്പ്
   B) പഫിൻ
   C) ഹിമപ്പുലി
   D) ഹിമകരടി

11. കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്ന ജില്ല
   A) കാസർഗോഡ്
   B) തിരുവനന്തപുരം
   C) എറണാകുളം
   D) തൃശ്ശൂർ

12. ഇന്ത്യയിലെ ആദ്യത്തെ വാട്ടർമെട്രോ നഗരം ഏത് ?
   A) കൊൽക്കത്ത
   B) വാരണാസി
   C) കൊച്ചി
   D) മുംബൈ

13. താഴേയ്ക്ക് ചരിഞ്ഞ നേർരേഖ ചോദന വക്രത്തിന്റെ മധ്യബിന്ദുവിലെ ഇലാസ്തികത
   A) പൂജ്യം
   B) ഒന്ന്
   C) രണ്ട്
   D) മൂന്ന്

14. ഉല്പാദന സാധ്യത വക്രത്തിന്റെ ആകൃതി
   A) നേർരേഖ
   B) കോൺവെക്സ്
   C) കോൺകേവ്
   D) വളഞ്ഞത്

15. ഇന്ത്യയിലെ ഏറ്റവും ഉയർന്ന ധനകാര്യസ്ഥാപനം
   A) ആർ. ബി. ഐ.
   B) എസ്. ബി. ഐ.
   C) ഐ. ബി. ആർ. ഡി.
   D) ഐ. എം. എഫ്.

16. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നത്
   A) സാമ്പത്തിക ആസൂത്രണം
   B) വിലമെക്കാനിസം
   C) പാർലമെന്റ്
   D) ജി. ഡി. പി.

17. ഒരു വ്യക്തിയുടെ ഉപഭോഗം എപ്പോഴും എന്തായിരിക്കും ?
   A) പോസിറ്റീവ്
   B) നെഗറ്റീവ്
   C) അനന്തത
   D) പൂജ്യം

18. 'ഒരേയൊരു വാങ്ങൽകാരൻ' മാത്രമുള്ള കമ്പോളം
   A) മൊണോപ്പൊളി
   B) ഒളിഗോപ്പൊളി
   C) മൊണോപ്സൊണി
   D) ഡ്യൂയോപ്പൊളി

19. മൗലിക കടമകൾ ഇന്ത്യൻ ഭരണഘടനയോട് കൂട്ടിചേർത്ത ഭരണഘടനാ ഭേദഗതി

A) 44 B) 42 C) 39 D) 52

20. ഭരണഘടനാ നിർമ്മാണ സമിതിയുടെ അദ്ധ്യക്ഷൻ

A) സച്ചിദാനന്ദ സിൻഹ
B) ബി. ആർ. അംബേദ്കർ
C) മൗലാന അബ്ദുൽ കലാം ആസാദ്
D) രാജേന്ദ്ര പ്രസാദ്

21. ഭരണഘടനാ ഭേദഗതി വഴി സ്വത്തവകാശത്തെ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്ത വർഷം

A) 1978 B) 1976 C) 1975 D) 1972

22. ലോകസഭയുടെ പ്രഥമ സ്പീക്കർ

A) കൃഷ്ണാചാര്യ ജോഷി
B) സുശീൽ കുമാർ
C) ഗുൽസാരിലാൽ നന്ദ
D) ജി. വി. മവ്‌ലങ്കർ

23. പൗരത്വ ഭേദഗതി നിയമം പാസാക്കിയത്

A) 2020 ജനുവരി 10
B) 2019 ഡിസംബർ 11
C) 2019 ഡിസംബർ 12
D) 2019 ഡിസംബർ 9

24. യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയം

A) വിവാഹവും വിവാഹമോചനവും
B) അളവു തൂക്കം
C) ഗതാഗതം
D) വരുമാന നികുതി

25. ഭരണഘടനാ ഇതര സ്ഥാപനം തിരിച്ചറിയുക.

A) തെരഞ്ഞെടുപ്പ് കമ്മീഷൻ
B) അറ്റോർണി ജനറൽ
C) നീതി ആയോഗ്
D) ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ

26. നഗരപാലിക ആക്ടുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി

A) 74 B) 86 C) 73 D) 91

27. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രഥമ അദ്ധ്യക്ഷൻ

A) ജസ്റ്റിസ് ആന്റണി ഡൊമിനിക്
B) ജസ്റ്റിസ് കെ. എം. ജോസഫ്
C) ജസ്റ്റിസ് എം. എൻ. വെങ്കട ചെല്ലയ്യ
D) ജസ്റ്റിസ് എം. എം. പരീത് പിള്ള

28. കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം പാസാക്കിയ വർഷം

A) 1969 B) 1964 C) 1960 D) 1970

29. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഉറപ്പു നൽകുന്ന മിനിമം തൊഴിൽ ദിനങ്ങൾ

A) 50 B) 200 C) 100 D) 140

30. കേരള സംസ്ഥാന തണ്ണീർത്തട നിയമം പാസാക്കിയ വർഷം

A) 2005 B) 2008 C) 2010 D) 2020

31. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ആരംഭിച്ച വർഷം

A) 2020 B) 2016 C) 2019 D) 2018

32. കോവിഡ് വകഭേദമായ ഒമിക്രോൺ വൈറസിന് ആ പേര് ലഭിച്ചത്

A) ഗ്രീക്കിലെ ആദ്യാക്ഷരത്തിൽ നിന്നും

B) ഗ്രീക്കിലെ രണ്ടാമത്തെയക്ഷരത്തിൽ നിന്നും

C) ഗ്രീക്കിലെ നാലാമത്തെയക്ഷരത്തിൽ നിന്നും

D) ഗ്രീക്കിലെ പതിനഞ്ചാമത്തെയക്ഷരത്തിൽ നിന്നും

33. എന്താണ് ഡോബ്സൺ യൂണിറ്റ് ?

A) അന്തരീക്ഷത്തിലെ താപം അളക്കുന്നത്

B) അന്തരീക്ഷത്തിലെ ഓസോണിന്റെ കനം അളക്കുന്നത്

C) അന്തരീക്ഷത്തിലെ ജലസാന്ദ്രത അളക്കുന്നത്

D) ഇവയൊന്നുമല്ല

34. 2021-ലെ ലോക മണ്ണ് ദിനത്തിന്റെ പ്രമേയം എന്താണ് ?

A) 'മണ്ണിന്റെ ലവണീകരണം തടയൂ, മണ്ണിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കൂ'

B) 'മണ്ണറിഞ്ഞ് വിത്തിട്ടാൽ കിണ്ണം നിറയെ ചോറുണ്ണാം'

C) 'ഓരോ ജീവനും പ്രധാനമാണ് എന്നതുപോലെ തന്നെ ഓരോ തരിമണ്ണും അമൂല്യമാണ്'

D) ഇവയൊന്നുമല്ല

35. 'ആന്റി സ്റ്റെറിലിറ്റി ഫാക്ടർ' എന്നറിയപ്പെടുന്ന ജീവകം ഏതാണ് ?

A) ജീവകം ഡി B) ജീവകം ഇ C) ജീവകം കെ D) ജീവകം എ

36. താഴെപ്പറയുന്നവയിൽ മലേറിയയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനയേത് ?

A) മലേറിയയുടെ രോഗകാരി പ്ലാസ്മോഡിയം എന്ന സൂക്ഷ്മജീവിയാണ്.

B) കൊതുകാണ് മലേറിയ രോഗത്തെ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകർത്തുന്നത്.

C) പ്രസ്താവന (A) മാത്രം ശരിയാണ്.

D) പ്രസ്താവന (A) യും (B) യും ശരിയാണ്.

37. മസ്തിഷ്കത്തിലെ ഏറ്റവും വലിയ ഭാഗം

A) തലാമസ് B) സെറിബെല്ലം

C) സെറിബ്രം D) ഹൈപ്പോതലാമസ്

38. അന്തർവാഹിനികളുടെ നിർമ്മാണം ഏത് നിയമവുമായി ബന്ധപ്പെട്ട് കിടക്കുന്നു ?

A) ആർക്കിമിഡീസ് തത്വം
B) പാസ്ക്കൽ നിയമം
C) ബെർണോളീസ് നിയമം
D) ന്യൂട്ടൻ നിയമം

39. U.V. തരംഗം ഒരു ലോഹപ്രതലത്തിൽ വന്നു പതിക്കുമ്പോൾ ഫോട്ടോഇലക്ട്രിക് പ്രഭാവം സംഭവിക്കുന്നില്ല എങ്കിൽ ഏത് തരംഗം പതിച്ചാലാണ് ഫോട്ടോഇലക്ട്രിക് പ്രഭാവം സംഭവിക്കുക ?

A) ഇൻഫ്രാറെഡ് തരംഗം
B) റേഡിയോ തരംഗം
C) X തരംഗം
D) മൈക്രോ തരംഗം

40. താഴെ പറയുന്നവയിൽ നീളത്തിന്റെ ഏറ്റവും വലിയ യൂണിറ്റേത് ?

A) പാർസെക്
B) ആസ്ട്രോണമിക്കൽ യൂണിറ്റ്
C) പ്രകാശവർഷം
D) ഫെർമി

41. ഒരു മോട്ടോർ ഉപയോഗിച്ച് 120 m ആഴമുള്ള ഒരു കിണറിൽ നിന്ന് 5 മിനിട്ട് കൊണ്ട് 400 kg ജലം പമ്പ് ചെയ്യാൻ പറ്റുമെങ്കിൽ ആ മോട്ടോറിന്റെ പവർ എത്ര ? $g = 10\ m/s^2$

A) 1400 W
B) 1500 W
C) 1300 W
D) 1600 W

42. ഒരു ഏകാത്മക മിശ്രിതത്തിന് ഉദാഹരണം

A) ചെളിവെള്ളം
B) കഞ്ഞിവെള്ളം
C) ഉപ്പുവെള്ളം
D) ചോക്കുപൊടിയും വെള്ളവും

43. ഒരു വാതകത്തിനെ ദ്രാവകമാക്കാൻ ഏറ്റവും അനുകൂലമായ സാഹചര്യം

A) മർദ്ദം കുറയ്ക്കുക, ഊഷ്മാവ് കൂട്ടുക
B) മർദ്ദം കൂട്ടുക, ഊഷ്മാവ് കുറയ്ക്കുക
C) മർദ്ദവും ഊഷ്മാവും കൂട്ടുക
D) മർദ്ദവും ഊഷ്മാവും കുറയ്ക്കുക

44. സ്വർണ്ണാഭരണം, പഞ്ചസാര, ഉപ്പ് വെള്ളം എന്നിവ യഥാക്രമം ഏതെല്ലാം വിഭാഗങ്ങളിൽ ക്രമപ്പെടുത്താം ?

A) മിശ്രിതം, സംയുക്തം, മിശ്രിതം
B) മൂലകം, സംയുക്തം, മിശ്രിതം
C) സംയുക്തം, സംയുക്തം, മിശ്രിതം
D) മിശ്രിതം, മൂലകം, സംയുക്തം

45. നിത്യവും ഉപയോഗിക്കുന്ന സോപ്പിൽ, രണ്ടാം ഗ്രേഡ് സോപ്പിന്റെ TFM ________ ൽ കൂടുതലായിരിക്കും.

A) 90%
B) 80%
C) 70%
D) 60%

46. 'ഉപലേന്ദു ചാറ്റർജി' എന്ന കേന്ദ്ര കഥാപാത്രം കടന്നു വരുന്ന റ്റി. ഡി. രാമകൃഷ്ണന്റെ നോവൽ ഏത് ?

A) പച്ച മഞ്ഞ ചുവപ്പ്
B) മാമ ആഫ്രിക്ക
C) ആൽഫ
D) ഫ്രാൻസിസ് ഇട്ടിക്കോര

47. ‘ബ്രിഡ്ജ് ഔട്ട്’ – എന്ന പദം താഴെ തന്നിരിക്കുന്നവയിൽ ഏത് കായിക മത്സരവുമായി ബന്ധപ്പെട്ടതാണ് ?

A) റസ്സലിംഗ് B) ഹോക്കി C) ബെയ്സ് ബാൾ D) റഗ്ബി

48. പണ്ഡിതനും തെയ്യം കലാകാരനുമായ രാമന് ‘മണക്കാടൻ ഗുരുക്കൾ’ എന്ന ആചാരപ്പട്ടം നല്കി ആദരിച്ച തമ്പുരാൻ ആര് ?

A) കൊട്ടാരക്കര തമ്പുരാൻ B) ചിറയ്ക്കൽ തമ്പുരാൻ

C) ചെറുവത്തൂർ തമ്പുരാൻ D) പയ്യന്നൂർ തമ്പുരാൻ

49. സംഘകാല സാഹിത്യത്തിൽ പരാമർശിച്ചിരിക്കുന്ന ‘ഐന്തിണ’കളിലെ അവസാന നിലമായ ‘നെയ്തൽ’ നിലം സൂചിപ്പിക്കുന്നത്

A) നാട്ടിൻ പുറത്തെ B) ഉണങ്ങിവരണ്ട പ്രദേശത്തെ

C) കാടും ഗ്രാമ പ്രദേശങ്ങളെയും D) കടലോര പ്രദേശത്തെ

50. ഗീതാഞ്ജലി ശ്രീക്ക് 2022-ലെ ബുക്കർ സമ്മാനം ലഭിച്ച ‘‘ടോം ഓഫ് സാന്റ്’’ എന്ന കൃതി ഹിന്ദിയിലെ ഏത് നോവലിന്റെ പരിഭാഷയാണ് ?

A) മായി B) രേത് സമാധി

C) ഹമാര സഹർ D) ഖാലി ജഗഹ്

51. $3^{26} + 3^{27} + 3^{28} + 3^{29} + 3^{30}$ തുകയായി വരുന്ന സംഖ്യയെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

I) 7 കൊണ്ട് നിശ്ശേഷം ഹരിക്കുവാൻ കഴിയും.

II) 11 കൊണ്ട് നിശ്ശേഷം ഹരിക്കുവാൻ കഴിയും.

A) I ഉം II ഉം ശരിയാണ് B) I ശരിയും II തെറ്റുമാണ്

C) I തെറ്റും II ശരിയുമാണ് D) I ഉം II ഉം തെറ്റാണ്

52. 2020-ലെ കലണ്ടർ വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും അടുത്ത വർഷം.

A) 2026 B) 2048 C) 2031 D) 2032

53. $P(x) = x^3 + 2x^2 - x - 2$ എന്ന ബഹുപദത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

I) ബഹുപദത്തെ $(x + 3)$ കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം $-8$ ആണ്.

II) ബഹുപദത്തിന്റെ ഒരു ഘടകമാണ് $(x + 2)$.

A) I ഉം II ഉം തെറ്റാണ് B) I ശരിയും II തെറ്റുമാണ്

C) I തെറ്റും II ശരിയുമാണ് D) I ഉം II ഉം ശരിയാണ്

54. EQUALITY എന്ന വാക്കിലെ അക്ഷരങ്ങളെ അക്ഷരമാല ക്രമത്തിൽ ക്രമീകരിച്ചാൽ സ്ഥാനമാറ്റം സംഭവിക്കാത്ത സ്വരാക്ഷരങ്ങളുടെ എണ്ണം എത്രയാണ് ?

A) 0 B) 1 C) 2 D) 3

55. അക്കങ്ങൾ ആവർത്തിക്കാതെ 1, 2, 3, 4, 5 എന്നീ അക്കങ്ങൾ ഉപയോഗിച്ച് എത്ര മൂന്നക്ക സംഖ്യകൾ എഴുതാൻ കഴിയും ?

A) 125 B) 27 C) 60 D) 120

56. $-6, \frac{-11}{2}, -5$ ..... എന്ന സമാന്തരശ്രേണിയെ സംബന്ധിച്ച് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

I) ആദ്യത്തെ 5 പദങ്ങളുടെ തുകയും ആദ്യത്തെ 20 പദങ്ങളുടെ തുകയും തുല്യമാണ്.

II) പൊതുവ്യത്യാസം $\frac{-1}{2}$ ആണ്.

A) I ഉം II ഉം ശരിയാണ്
B) I ശരിയും II തെറ്റുമാണ്
C) I തെറ്റും II ശരിയുമാണ്
D) I ഉം II ഉം തെറ്റാണ്

57. P യുടെ അമ്മയാണ് A, G യുടെ സഹോദരനാണ് P, K വിവാഹം ചെയ്തിരിക്കുന്നത് G-യെ ആണ്, L-ന്റെ മകനാണ് K. K യുടെ സഹോദരിയാണ് S. താഴെ കൊടുത്തിരിക്കുന്നവയിൽ S-ന് G-യുമായുള്ള ബന്ധം എന്താണ് ?

A) സഹോദരൻ
B) സഹോദരി
C) അമ്മായി
D) സഹോദര ഭാര്യ

58. 220 സെ. മീ. ചുറ്റളവുള്ള ഒരു വൃത്തത്തിന്റെ വിസ്തീർണ്ണം ഒരു ചതുരത്തിന്റെ വിസ്തീർണ്ണത്തിന് തുല്യമാണ്. ചതുരത്തിന്റെ വീതി 50 സെ. മീ. ആണ്. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

I) വൃത്തത്തിന്റെ ആരം 70 സെ.മീ. ആണ്.

II) ചതുരത്തിന്റെ നീളം 77 സെ. മീ. ആണ്.

A) I ഉം II ഉം തെറ്റാണ്
B) I തെറ്റും II ശരിയുമാണ്
C) I ഉം II ഉം ശരിയാണ്
D) I ശരിയും II തെറ്റുമാണ്

59. 400, 274, 209, 181, 172, ____

A) 168 B) 171 C) 169 D) 170

60. ഒരു നിശ്ചിത തുക സാധാരണ പലിശ നിരക്കിൽ 5 വർഷം കൊണ്ട് 4,000 രൂപയും 9 വർഷം കൊണ്ട് 6,000 രൂപയും ആയിത്തീരുന്നു. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

I) നിക്ഷേപിച്ച തുക 2,000 രൂപ ആണ്.

II) പലിശ നിരക്ക് 25% ആണ്.

A) I ഉം II ഉം തെറ്റാണ്
B) I തെറ്റും II ശരിയുമാണ്
C) I ശരിയും II തെറ്റുമാണ്
D) I ഉം II ഉം ശരിയാണ്

61. Which of the following word is wrongly spelt ?
A) hilarious B) hillarious C) suavely D) squalor

62. Each one of you _________ special.
A) are B) is C) have D) were

63. Choose the best substitute from the given options.
A dreamy state.
A) delirious B) dictum C) disdain D) depletion

64. She can't _________ her husband any longer.
A) put on B) put out C) put up D) put up with

65. She couldn't _________ to the new circumstances.
A) accede B) adopt C) adept D) adapt

66. Select the most appropriate meaning of the given idiom.
"A hard nut to crack"
A) a simple problem B) an interesting problem
C) a difficult problem D) a crackable situation

67. Reema replied that she would completed the work.
Which is the incorrect word in the sentence ?
A) she B) would C) completed D) replied

68. Complete the sentence.
I would have bought a gift, if
A) you called me on your birthday
B) you had called me on your birthday
C) you would call me on your birthday
D) you call me on your birthday

69. Select the correct question tag.
I often come home late, ________
A) am I ? B) aren't I ? C) often I ? D) don't I ?

70. Which of the following options are most similar in meaning to the word, pensively ?
i) speculative ii) ruminative
iii) thoughtless iv) thoughtful
A) i & iii B) i, ii & iv C) ii & iii D) ii, iii & iv

71. 'ക്രമമനുസരിച്ച്' എന്നർഥം വരുന്ന പദം ഏത് ?

i) അതിക്രമം
ii) ക്രമരഹിതം
iii) അനുക്രമം
iv) അക്രമം

A) iv മാത്രം ശരി
B) ii മാത്രം ശരി
C) iii മാത്രം ശരി
D) i മാത്രം ശരി

72. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം കണ്ടെത്തുക.

i) സ്ക്കൂളിൽ മരിച്ച മാനേജരെ അനുശോചിച്ചു അദ്ധ്യാപകരും വിദ്യാർത്ഥികളും സമ്മേളിച്ചു പ്രമേയം പാസ്സാക്കി.
ii) സമർത്ഥരായ കുട്ടികൾ വിലപിടിപ്പുള്ള സമ്മാനങ്ങൾ നേടുന്നു.
iii) അദ്ധ്യാപകൻ പഠിക്കാത്തതിനു വിദ്യാർത്ഥിയെ ശിക്ഷിച്ചു.

A) iii മാത്രം ശരി
B) ii മാത്രം ശരി
C) i മാത്രം ശരി
D) ii ഉം i ഉം മാത്രം ശരി

73. കൈയക്ഷരം എന്ന പദം പിരിച്ചെഴുതിയാൽ

i) കയ്യ + അക്ഷരം
ii) കയ് + യക്ഷരം
iii) കയ് + അക്ഷരം
iv) കൈ + അക്ഷരം

A) ii മാത്രം ശരി
B) i മാത്രം ശരി
C) iii മാത്രം ശരി
D) iv മാത്രം ശരി

74. നിഘണ്ടുവിൽ കാണുന്നതുപോലെ ക്രമപ്പെടുത്തിയ കൂട്ടം ഏത് ?

i) ചക്രവാതം, ചക്രവാളം, ചക്രശ്വാസം, ചക്രവാകം
ii) ചക്രവാകം, ചക്രവാതം, ചക്രവാളം, ചക്രശ്വാസം
iii) ചക്രവാളം, ചക്രവാതം, ചക്രവാകം, ചക്രശ്വാസം
iv) ചക്രശ്വാസം, ചക്രവാളം, ചക്രവാതം, ചക്രവാകം

A) ii മാത്രം ശരി
B) iv മാത്രം ശരി
C) i മാത്രം ശരി
D) iii മാത്രം ശരി

75. ശരിയായ പദം കണ്ടെത്തുക.

i) അസ്ഥമയം
ii) അസ്തമനം
iii) അസ്ഥമനം
iv) അസ്തമയം

A) iii മാത്രം ശരി
B) iv മാത്രം ശരി
C) i മാത്രം ശരി
D) ii മാത്രം ശരി

76. 'യഥാശക്തി' എന്നർത്ഥം വരുന്ന പഴഞ്ചൊല്ല് ഏത് ?

i) പട പേടിച്ച് പന്തളത്ത് ചെന്നപ്പോ പന്തം കൊളുത്തിപ്പട.

ii) ചിനക്കത്തൂർ പൂരം തനിക്കൊത്തവണ്ണം.

iii) പണംകൊണ്ടെറിഞ്ഞാലേ പണത്തിൽ കൊള്ളൂ.

iv) കൂത്തുപാതി പിള്ള പാതി.

A) iv മാത്രം ശരി
B) i മാത്രം ശരി
C) ii മാത്രം ശരി
D) iii മാത്രം ശരി

77. 'ഈദൃശ്യം' എന്ന പദത്തിന്റെ വിപരീതം കണ്ടെത്തുക.

i) അദൃശ്യം
ii) ദൃശം
iii) സദൃശം
iv) അദൃശ്യം

A) iii മാത്രം ശരി
B) ii മാത്രം ശരി
C) iv മാത്രം ശരി
D) i മാത്രം ശരി

78. സൂര്യൻ എന്ന പദത്തിന്റെ പര്യായം അല്ലാത്തത് ഏത് ?

i) അർക്കൻ
ii) മിഹിരൻ
iii) ആദിത്യൻ
iv) സുധാംശു

A) ii മാത്രം ശരി
B) i മാത്രം ശരി
C) iii മാത്രം ശരി
D) iv മാത്രം ശരി

79. 'അടയുടെയുള്ളിലൊരു പെരുമ്പട' എന്ന കടങ്കഥ അർത്ഥമാക്കുന്നത് എന്തിനെയാണ് ?

i) അടുപ്പ്
ii) തേനീച്ചക്കൂട്
iii) ചേന
iv) കൈതച്ചക്ക

A) iv മാത്രം ശരി
B) i മാത്രം ശരി
C) ii മാത്രം ശരി
D) iii മാത്രം ശരി

80. തെറ്റായ തർജ്ജമ ഏത് ?

i) Black sheep of the family – കൂട്ടത്തിൽ കൊള്ളാത്തവൻ

ii) Kicked the bucket – മരണപ്പെട്ടു

iii) Eleventh hour – പതിനൊന്ന് മണി

iv) Red tape – ചുവപ്പുനാട

A) iii മാത്രം ശരി
B) i മാത്രം ശരി
C) ii മാത്രം ശരി
D) iv മാത്രം ശരി

81. കേരളം രൂപീകൃതമായശേഷം പ്രവർത്തനം ആരംഭിച്ച സെൻട്രൽ ജയിൽ ഏത് ?

A) വിയ്യൂർ സെൻട്രൽ ജയിൽ
B) തവന്നൂർ സെൻട്രൽ ജയിൽ
C) കണ്ണൂർ സെൻട്രൽ ജയിൽ
D) പൂജപ്പുര സെൻട്രൽ ജയിൽ

82. 2017-ലെ കേരള ജയിൽ പരിഷ്കരണ കമ്മീഷൻ ചെയർമാൻ ആരായിരുന്നു ?

A) ഋഷി രാജ് സിങ്
B) എ. പി. ഉദയഭാനു
C) അലക്സാണ്ടർ ജേക്കബ്
D) ജി. ശിവരാജൻ

83. ബോസ്റ്റൽ സ്കൂളിൽ പാർപ്പിക്കുന്നത് ഏത് പ്രായപരിധിയിലുള്ള തടവുകാരെയാണ് ?

A) 15-18
B) 18-20
C) 14-18
D) 18-21

84. തടവുകാരെ അകാല വിടുതലിന് സർക്കാറിന് മുൻപാകെ ശുപാർശ ചെയ്യുന്ന ഉപദേശക സമിതിയെ സംബന്ധിച്ച് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതൊക്കെയാണ് ?

1) സമിതിയുടെ അധ്യക്ഷൻ ജയിൽ വകുപ്പ് മേധാവിയാണ്.
2) ജില്ലാ കളക്ടർ ഈ സമിതിയിൽ അംഗമാണ്.
3) സമിതിയുടെ ക്വാറം 5 ആയിരിക്കും.
4) അനൗദ്യോഗിക അംഗങ്ങളുടെ എണ്ണം മൂന്നായിരിക്കും.

A) ഒന്നും രണ്ടും മാത്രം
B) ഒന്നും രണ്ടും മൂന്നും
C) ഒന്നും രണ്ടും നാലും
D) എല്ലാം ശരിയാണ്

85. കേരള ജയിൽ വകുപ്പിനെ സംബന്ധിച്ച് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതൊക്കെയാണ് ?

1) ജയിൽ വകുപ്പിന്റെ ആസ്ഥാനം കണ്ണൂർ ആണ്.
2) ഏറ്റവും പഴയ ജയിൽ കോഴിക്കോട് ജില്ലയിലാണ്.
3) മൂന്ന് തുറന്ന ജയിലുകളാണുള്ളത്.
4) ജില്ലാ ജയിലുകളുടെ എണ്ണം 14 ആണ്.

A) ഒന്നും രണ്ടും മാത്രം
B) രണ്ടും നാലും മാത്രം
C) രണ്ടും മൂന്നും മാത്രം
D) എല്ലാം ശരിയാണ്

86. ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്ന പ്രക്രിയയിൽ പങ്കാളികൾ ആകുന്നവർ ആരൊക്കെയാണ് ?

1) പ്രധാനമന്ത്രി
2) രാഷ്ട്രപതി
3) കേന്ദ്ര നിയമ മന്ത്രി
4) കേന്ദ്ര ആഭ്യന്തര മന്ത്രി

A) ഒന്നും രണ്ടും നാലും
B) ഒന്നും രണ്ടും
C) ഒന്നും രണ്ടും മൂന്നും
D) ഒന്നും രണ്ടും മൂന്നും നാലും

87. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ് ?
   1) അംഗങ്ങളുടെ കാലാവധി 5 വർഷമോ അല്ലെങ്കിൽ 70 വയസ്സോ, ഇതിൽ ഇതാണോ ആദ്യം.
   2) കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നതും നീക്കം ചെയ്യുന്നതും ഗവർണ്ണർ ആണ്.
   3) അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ നിയമസഭ സ്പീക്കർ അംഗമാണ്.
   4) അംഗങ്ങൾക്ക് പുനർ നിയമനത്തിന് അർഹതയില്ല.
   A) ഒന്ന് മാത്രം
   B) മൂന്ന് മാത്രം
   C) ഒന്നും രണ്ടും മൂന്നും ശരി
   D) എല്ലാം ശരിയാണ്

88. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത് എന്നാണ് ?
   A) 13 ഒക്ടോബർ 1998
   B) 15 ഡിസംബർ 1998
   C) 12 ഒക്ടോബർ 1993
   D) 11 ഡിസംബർ 1998

89. നിലവിലെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ആരാണ് ?
   A) ജസ്റ്റിസ് ആന്റണി ഡൊമനിക്
   B) ജസ്റ്റിസ് അരുൺ കുമാർ മിശ്ര
   C) ജസ്റ്റിസ് എച്ച്. എൽ. ദത്തു
   D) ജസ്റ്റിസ് ഉദയ് ഉമേഷ് ലളിത്

90. ദേശീയ മനുഷ്യാവകാശ കമ്മീഷനെ സംബന്ധിച്ച് തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ് ?
   1) വിരമിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് മാത്രമേ കമ്മീഷൻ അധ്യക്ഷൻ ആകാൻ കഴിയുകയുള്ളു.
   2) ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്.
   3) കമ്മീഷന് 5 ഡിവിഷനുകളാണുള്ളത്.
   4) ശ്രീ. രാജീവ് ജെയിൻ നിലവിലെ കമ്മീഷനിൽ അംഗമാണ്.
   A) ഒന്നും നാലും മാത്രം
   B) ഒന്ന് മാത്രം
   C) രണ്ട് മാത്രം
   D) ഒന്നും രണ്ടും മൂന്നും

91. വിവരാവകാശ നിയമം 2005 നിലവിൽ വന്നപ്പോൾ റദ്ദാക്കപ്പെട്ട നിയമം ഏത് ?
   A) ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട്, 1995
   B) ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട്, 2002
   C) ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട്, 1976
   D) ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട്, 2001

92. കേന്ദ്ര വിവരാവകാശ കമ്മീഷനിലെ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?
   1) അംഗങ്ങളെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
   2) 5 പേരടങ്ങുന്ന ഒരു കമ്മിറ്റിയാണ് അംഗങ്ങളുടെ പേരുകൾ രാഷ്ട്രപതിയ്ക്ക് ശുപാർശ ചെയ്യുന്നത്.
   3) ഈ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ പ്രധാനമന്ത്രിയാണ്.
   4) ലോക സഭയുടെ പ്രതിപക്ഷ നേതാവ് ഇതിൽ അംഗമാണ്.
   A) ഒന്നും രണ്ടും മാത്രം
   B) ഒന്നും രണ്ടും നാലും
   C) ഒന്നും മൂന്നും നാലും
   D) എല്ലാ പ്രസ്താവനകളും ശരിയാണ്

93. 2019-ലെ ഭേദഗതി പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ ഔദ്യോഗിക കാലാവധി എത്രയാണ് ?

A) 4 വർഷം അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നത് വരെ

B) 5 വർഷം അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നത് വരെ

C) 6 വർഷം അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നത് വരെ

D) ഇവയൊന്നുമല്ല

94. കേരള സംസ്ഥാനത്തെ നിലവിലെ മുഖ്യ വിവരാവകാശ കമ്മീഷണർ ആരാണ് ?

A) വിശ്വാസ് മെഹ്ത

B) വിൻസൻ എം. പോൾ

C) ടോം ജോസ്

D) ഭരത് ഭൂഷൺ

95. വിവരാവകാശ നിയമത്തിന് കീഴിൽ പൊതു അധികാര സ്ഥാനം എന്നതിൽ എന്തൊക്കെ ഉൾപ്പെടുന്നു ?

1) സർക്കാർ ഓഫീസുകൾ

2) ഐ. എസ്. ആർ. ഓ.

3) ഭാരത് പെട്രോളിയം കോർപ്പറേഷൻ

4) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

A) ഒന്നും മൂന്നും മാത്രം

B) ഒന്നും നാലും മാത്രം

C) ഒന്നും രണ്ടും മൂന്നും മാത്രം

D) ഒന്നും രണ്ടും മൂന്നും നാലും

96. ബുദ്ധിശക്തിയുടെ ബഹുമുഖ സിദ്ധാന്ത പ്രകാരം നൃത്തം ചെയ്യുന്ന വ്യക്തികളിൽ ഏതു തരം ബുദ്ധിയാണ് മുന്നിട്ടു നിൽക്കുന്നത് ?

A) വ്യക്ത്യാന്തര ബുദ്ധി

B) ശാരീരിക ചലനപര ബുദ്ധി

C) ഭാഷാപരമായ ബുദ്ധി

D) ദൃശ്യസ്ഥലപര ബുദ്ധി

97. മനോവിശ്ലേഷണ സിദ്ധാന്തം വികസിപ്പിച്ച വ്യക്തിയുടെ പേര്.

A) സിഗ്മണ്ട് ഫ്രോയ്ഡ്

B) വില്യം വൂണ്ട്

C) മാക്സ് വെർത്തിമർ

D) ജോൺ ബി. വാട്സൺ

98. അയൽക്കാരുമായി നിരന്തരമായുണ്ടാകുന്ന സംഘർഷം ഏതു തരം മാനസിക സമ്മർദ്ദത്തിന് ഉദാഹരണമാണ് ?

A) പാരിസ്ഥിതികം

B) സാമ്പത്തികം

C) ശാരീരികം

D) സാമൂഹികം

99. വ്യക്തമല്ലാത്തതും വ്യാപിച്ചു കിടക്കുന്നതും അരോചകവുമായ ഭയത്തെ അറിയപ്പെടുന്നത്

A) ഉത്കണ്ഠ

B) സംയോജനം

C) ഇച്ഛാഭംഗം

D) അക്രമണോത്സുകത

100. താഴെപ്പറയുന്നവയിൽ ആന്തരിക അഭിപ്രേരണയ്ക്ക് ഉദാഹരണമേത് ?

A) അധ്യാപകരുടെ നിർബന്ധപ്രകാരം പഠിക്കുന്നു.

B) മാതാപിതാക്കൾ വാങ്ങിതരുന്ന സമ്മാനങ്ങൾക്കു വേണ്ടി പഠിക്കുന്നു.

C) നല്ല മാർക്കു നേടണമെന്നു സ്വയം പ്രേരണ തോന്നി പഠിക്കുന്നു.

D) വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന അംഗീകാരത്തിനു വേണ്ടി പഠിക്കുന്നു.

## Space for Rough Work

**FINAL ANSWER KEY**

**Question Paper Code: 215/2023**

**FEMALE ASSISTANT PRISON OFFICER - PRISONS**

**Medium of Question: MALAYALAM, ENGLISH**

**Date of Test: 2/11/2023**

| Q No. | ALPHACODE | | | |
|---|---|---|---|---|
| | A | B | C | D |
| 1 | A | B | B | A |
| 2 | C | A | C | D |
| 3 | D | C | B | A |
| 4 | C | B | C | C |
| 5 | B | D | A | B |
| 6 | A | C | D | B |
| 7 | A | A | C | A |
| 8 | D | B | B | C |
| 9 | B | D | A | B |
| 10 | C | B | C | D |
| 11 | B | A | D | C |
| 12 | C | D | C | A |
| 13 | B | A | A | B |
| 14 | C | C | C | D |
| 15 | A | B | A | B |
| 16 | B | A | A | A |
| 17 | A | A | D | C |
| 18 | C | D | B | D |
| 19 | B | B | D | C |
| 20 | D | C | C | B |
| 21 | A | D | C | D |
| 22 | D | D | A | C |
| 23 | B | B | B | A |
| 24 | D | A | D | C |
| 25 | C | B | B | A |
| 26 | A | D | A | D |
| 27 | D | C | A | D |
| 28 | A | B | D | B |
| 29 | C | A | B | A |
| 30 | B | C | C | B |
| 31 | D | A | A | B |
| 32 | D | C | D | C |
| 33 | B | D | A | B |
| 34 | A | C | C | C |
| 35 | B | B | B | A |
| 36 | D | A | D | D |
| 37 | C | D | D | C |
| 38 | A | B | B | B |
| 39 | C | D | A | A |
| 40 | A | C | B | C |
| 41 | D | D | B | A |
| 42 | C | C | A | A |
| 43 | B | A | C | D |
| 44 | A | C | B | B |
| 45 | C | A | D | C |
| 46 | C | B | A | A |
| 47 | A | C | C | D |
| 48 | B | B | D | B |
| 49 | D | C | C | D |
| 50 | B | A | B | C |

| Q No. | ALPHACODE | | | |
|---|---|---|---|---|
| | A | B | C | D |
| 51 | C | C | D | D |
| 52 | B | B | A | A |
| 53 | D | C | D | D |
| 54 | A | B | A | B |
| 55 | C | D | D | C |
| 56 | B | A | B | B |
| 57 | D | D | C | C |
| 58 | B | A | B | B |
| 59 | D | D | C | D |
| 60 | A | B | B | A |
| 61 | B | A | D | D |
| 62 | B | D | C | B |
| 63 | A | D | B | C |
| 64 | D | B | B | B |
| 65 | D | C | D | B |
| 66 | C | B | B | B |
| 67 | C | B | A | D |
| 68 | B | B | D | C |
| 69 | D | D | C | A |
| 70 | B | C | B | D |
| 71 | C | C | D | B |
| 72 | B | B | A | C |
| 73 | D | A | C | C |
| 74 | A | D | B | B |
| 75 | B | C | A | C |
| 76 | C | B | D | B |
| 77 | A | B | C | D |
| 78 | D | C | B | A |
| 79 | C | D | B | A |
| 80 | B | A | C | D |
| 81 | B | B | C | A |
| 82 | C | B | A | D |
| 83 | D | B | B | A |
| 84 | C | C | D | C |
| 85 | C | B | A | D |
| 86 | A | C | D | A |
| 87 | B | D | A | D |
| 88 | D | C | C | B |
| 89 | B | A | D | B |
| 90 | B | D | A | C |
| 91 | B | A | D | D |
| 92 | C | C | B | C |
| 93 | D | C | B | B |
| 94 | A | A | C | B |
| 95 | D | B | D | B |
| 96 | B | D | C | C |
| 97 | A | D | B | C |
| 98 | D | A | B | A |
| 99 | A | D | B | B |
| 100 | C | B | C | D |